## ആരോഗ്യ കുടുംബക്ഷേമ മേഖലയിലെ വികസന പ്രവർത്തനങ്ങൾ

38 (509) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ മുൻ സർക്കാർ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിലുള്ള ആശുപത്രികളെ താലൂക്ക് ആശുപത്രികളുടേയും നിലവാരത്തിൽ ഉയർത്തിയതിനെതുടർന്ന് ഡോക്ടർമാരുടേയും ഇതര ജീവനക്കാരുടെയും നിയമനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ&ബി) ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ലകളിൽനിന്നും ലഭിക്കുന്ന ശുപാർശകളുടെയും ഫണ്ടിന്റെയും ലഭ്യതയുടെ അടിസ്ഥാനത്തിൽ ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിലവിലുള്ള ആശുപത്രികളെ ജില്ലാ ആശുപത്രികളുടെയും താലൂക്കാശുപത്രികളുടെയും നിലവാരത്തിൽ ഉയർത്തിയതിനെ തുടർന്ന് ഗവൺമെന്റ് ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ.129/2011/ആ.കു.വ. തീയതി 26-2-2011 പ്രകാരം ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ജില്ലാ താലൂക്ക് ആശുപത്രികളുടെ നവീകരണപ്രവർത്തനങ്ങൾ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് മുഖേനയാണ് എൻ.ആർ.എച്ച്.എം. നിർവ്വഹിക്കുന്നത്. ഓരോ നവീകരണപ്രവർത്തനവും ആശുപത്രി അധികൃതരുടെ അഭിപ്രായം കൂടി സംയോജിപ്പിച്ചാണ് പ്രൊപ്പോസൽ സമർപ്പിക്കുന്നത്. ആശുപത്രിക്ക് അനിവാര്യമായ എല്ലാ നവീകരണ പ്രവർത്തനങ്ങളും ചെയ്യുന്നു. മുഖ്യമായും വാർഡുകൾ, ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ നവീകരണം ഇതു കൂടാതെ ഒ.പി., വെയിറ്റിംഗ് ഏരിയ, ടോയിലറ്റുകൾ എന്നിവയുടെ നവീകരണവും രോഗികളുടെ സൗകര്യാർത്ഥം നിലവിലുള്ള പ്ലാനിൽ മാറ്റം ആവശ്യമാണെങ്കിൽ അത്തരം നടപടികളും എടുക്കുന്നുണ്ട്. സിവിൽ വർക്ക് തീരുന്ന മുറയ്ക്ക് ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly